**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 645** **11-06-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടിയിൽ വ്യവസായ പാർക്കിനായി ഭൂമി കൈമാറി കിട്ടുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിലെ കുറ്റ്യാടിയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന്റെ ഭൂമി കൈമാറി കിട്ടുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര മണ്ഡലത്തിൽ ഉൾപ്പെട്ട കുറ്റ്യാടിയിൽ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിൽ ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 3.00 ഏക്കർ ഭൂമിയിൽ 2 ഏക്കർ സ്ഥലം മാത്രമേ ഉപയോഗിക്കാതെ ശേഷിക്കുന്നുള്ളുയെന്ന് ഇറിഗേഷൻ വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനു വേണ്ടി പ്രസ്തുത 2 ഏക്കർ ഭൂമി വ്യവസായ വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിക്കുവാൻ ജലവിഭവ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ സാധ്യതാ പഠനത്തിന് ഏതെങ്കിലും കൺസൾട്ടൻസിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ സാധ്യതാ പഠനത്തിന് കൺസൾട്ടൻസിയെ നിയോഗിച്ചിട്ടില്ല. എന്നാൽ, ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനായി DPR തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ